"ഭരണഭാഷ മാതൃഭാഷ"

**വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: അനുപമ റ്റി.വി. IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് - 'മംഗല്യ പദ്ധതി' 2020-21 - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഈ കാര്യാലയത്തിലെ 13.10.2020 ലെ WEC2-12176/20 നമ്പർ സർക്കുലർ
2. കണ്ണൂർ ജില്ലാ വനിത ശിശു വികസന ഓഫീസറുടെ 13.01.2021 ലെ DWCDO/K NR/A2-1830/2020 നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം. 44/2020/സാനീവ. തീയതി.21.01.2020

**ഉത്തരവ് നം. WEC2-12176/20 തീയതി: 29.01.2021**

നിർധനരായ വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിനായി 'മംഗല്യ പദ്ധതി' പ്രകാരം 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിച്ച് വരുന്നു. ആയത് പ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പരാമർശം (1) പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർമാരോട് നിർദ്ദേശിച്ചിരുന്നു. സൂചന (3) ഉത്തരവ് പ്രകാരം ഒരു വർഷം വരെയുള്ള കാലതാമസം മാപ്പാക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കാണ്. അത്പ്രകാരം കാലതാമസം മാപ്പാക്കിയ 6 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് അലോട്ട്മെന്റ് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ വനിത ശിശു വികസന ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ 6 ഗുണഭോക്താക്കൾക്കായി 1,50,000/- രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ഈ സാഹചര്യത്തിൽ സൂചന (2)ലെ കത്തിൽ ധനസഹായം ആവശ്യപ്പെട്ടിരുന്ന 6 ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം ആകെ 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ കണ്ണൂർ ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | കണ്ണൂർ | 6 | 1,50,000/- |
| | **ആകെ** | 6 | **1,50,000/-** |

**(ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)**

P/21

ഈ ഇനത്തിൽ ചെലവ് വരുന്ന 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ 2235-02-103-68-03-(പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

പ്രസ്തുത തുക ജില്ല വനിത ശിശു വികസന ഓഫീസർ മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും ആഡിറ്റിനായി ജില്ലാ വനിത ശിശു വികസന ഓഫീസറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്. പരാമർശം (1) സർക്കുലറിലെ മാനദണ്ഡപ്രകാരം മാത്രമേ തുക അനുവദിച്ച് നൽകുവാൻ പാടുള്ളൂ. ധനസഹായം അനുവദിച്ച് നൽകിയശേഷം ധനവിനിയോഗ സാക്ഷ്യപത്രം, ചെലവ് വിവരപ്പട്ടിക എന്നിവ ജില്ലാ വനിത ശിശു വികസന ഓഫീസർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

ജില്ലാ വനിത ശിശു വികസന ഓഫീസർ, കണ്ണൂർ

**പകർപ്പ്:**

1. സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിന്)
2. സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻപ്രകാരം**

Sunde

**സൂപ്രണ്ട്**

P/21